**കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ തിരുവനന്തപുരം**

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു. ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി. നമ്പർ : 9031/11/12/2023/ റ്റി.വി.എം**

ഹർജിക്കാരി : റ്റി.സരോജം, കെ.പി.സദനം, പെരുമുള്ളൂർ, ഊരൂട്ടമ്പലം.പി.ഒ, തിരുവനന്തപുരം. 695507.

എതിർകക്ഷി :

**ഉത്തരവ് തീയതി : 04-08-2025**

തിരുവനന്തപുരം സഹകരണ അർബൻ ബാങ്കിൽ മാനേജരായിരിക്കെ 1994 ൽ മരണമടഞ്ഞ ഹർജിക്കാരിയുടെ ഭർത്താവിന്റെ ആശ്രിത നിയമനം ടിയാളുടെ മകനായ അനിൽകുമാറിന് ലഭിച്ചെന്നും 2008 ൽ മകൻ അനിൽകുമാർ മരണമടഞ്ഞതിനാൽ അനിൽകുമാറിന്റെ ഭാര്യ ആശാ ലക്ഷ്മിക്ക് ആശ്രിത നിയമനം ലഭിച്ചെന്നും ടി ആശാലക്ഷ്മി പുനർ വിവാഹിതയായെന്നും അനിൽകുമർ സംരക്ഷിച്ചിരുന്ന ഹർജിക്കാരിയെ മരുമകൾ ആശാലക്ഷ്മി സംരക്ഷിക്കുന്നില്ലെന്നും ഹർജിക്കാരി കൊടുത്ത 6 സെൻറ് ഭൂമി ടിയാൻ ബാങ്കിൽ പണയം വെച്ചിരുന്നത് ആശാലക്ഷ്മി അനിൽകുമാറിന്റെ ആനുകൂല്യങ്ങൾ ഉപയോഗിച്ച് അടച്ചുതീർത്തെങ്കിലും പ്രമാണം ഹർജിക്കാരിക്ക് കൊടുക്കുന്നില്ലെന്നും ആശാലക്ഷ്മിയുടെ നിസ്സഹകരണം മൂലം പിന്തുടർച്ചാവകാശ പോക്കുവരവ് ചെയ്യാനും കരമടക്കാനും കഴിയുന്നില്ലെന്നും മറ്റുമാണ് ആവലാതി.

2. പരാതിയിന്മേൽ തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസറോട് റിപ്പോർട്ട് ചോദിച്ചെങ്കിലും ലഭിച്ചിട്ടില്ല. നോട്ടീസ് അയച്ചതിനെ തുടർന്ന് ഹർജിക്കാരി ഇന്ന് കമ്മീഷൻ മുമ്പാകെ നേരിട്ട് ഹാജരായി പരാതി ആവർത്തിച്ചു. ഹർജിക്കാരിക്ക് അവകാശപ്പെട്ട 2 വസ്തുക്കൾ മകൻ അനിൽ കുമാർ ജീവിച്ചിരിക്കെ ടിയാന് കൊടുത്തിരുന്നുവെന്നും അതിൽ ഒരു വസ്തു ഹർജിക്കാരിയുടെയും ടിയാളുടെ പെൺമക്കളുടെയും അവകാശം relinguish ചെയ്തുകൊണ്ട് ഒഴിമുറി കൊടുത്തുവെന്നും മറ്റൊരു വസ്തു ഇഷ്ടദാനമായുമാണ് കൊടുത്തതെന്നും എതിർകക്ഷിയായ ആശാലക്ഷ്മിയെ വിവാഹം കഴിച്ച് ഒരു മാസത്തിനുശേഷം മകൻ അനിൽകുമാർ മരിച്ചെന്നും അമ്മയെ സംരക്ഷിച്ചിരുന്ന മകൻ മരണപ്പെട്ടതിനാൽ ഹർജിക്കാരിയെ സംരക്ഷിക്കാനുള്ള ചുമതല മരുമകളായ ആശാലക്ഷ്മിക്ക് ഉണ്ടെന്നും സാമ്പത്തിക പ്രയാസം മൂലം ഹർജിക്കാരിക്ക് ജീവിക്കാൻ ബുദ്ധിമുട്ടാണെന്നും .ബോധിപ്പിച്ചു. പോക്കുവരവിനായി ഹർജിക്കാരി റവന്യൂ അധികാരികൾ മുമ്പാകെ കൊടുത്ത അപേക്ഷ, ടിയാൾ മകൻ അനിൽകുമാറിന്റെ പേർക്ക് കൊടുത്തിരുന്ന വസ്തുവിന്റെ പ്രമാണം അസാധുവാക്കുന്നതിന് Maintenance and Welfare of Parents and Senior Citizens Act

section 23 അപേക്ഷ കൊടുത്തതിൻെറ പേരിൽ പരിഗണിക്കാതിരിക്കരുതെന്നും ടിയാൾ ബോധിപ്പിച്ചു.

3. ഈ സാഹചര്യത്തിൽ മരണപ്പെട്ടുപോയ മകൻെറ ഭാര്യ സം രക്ഷിക്കാത്തതിനാൽ മകൻെറ പേർക്ക് കൊടുത്ത വസ്തുവിൻെറ പ്രമാണങ്ങൾ അസാധുവാക്കുന്നതിന് the Maintenance and Welfare of Parents and Senior Citizens Act section 23 പ്രകാരം Maintenance Tribunal/RDO മുമ്പാകെ ഹർജി കൊടുക്കുക.. ഹർജിക്കാരി അങ്ങനെ ഹർജി സമർപ്പിച്ചാൽ Maintenance Tribunal/RDO അതിന്മേൽ ടി നിയമപ്രകാരമുള്ള നടപടികൾ കാലതാമസം കൂടാതെ സ്വീകരിക്കണം. ഹർജിക്കാരിയെയും എതിർകക്ഷിയെയും മുൻകൂട്ടി നോട്ടീസ് കൊടുത്ത് അവരെ നേരിൽ കേൾക്കുന്നതിനുള്ള അവസരം കൊടുത്ത് ഹർജികക്ഷി മകൻെറ പേരിൽ വസ്തു മാറ്റുന്നതിന് കൊടുത്ത രജിസ്റ്റേർഡ് പ്രമാണവും പരിശോധിച്ചും മേൽ പറഞ്ഞ രജിസ്റ്റേർഡ് പ്രമാണം അസാധുവാക്കണമെന്ന ആവശ്യത്തിന്മേൽ മേൽ പറഞ്ഞ നിയമത്തിലെ വകുപ്പ് 23 പ്രകാരം കാലതാമസം കൂടാതെ, ഏറിയാൽ ഹർജിക്കാരിയിൽ നിന്നും ഈ ഉത്തരവിൻെറ പകർപ്പ് സഹിതം ഹർജി ലഭിച്ച് മൂന്നു മാസത്തിനുള്ളിൽ, Maintenance Tribunal/RDO നിയമാനുസരണം തീരുമാനം എടുക്കണം.

4. മരണപ്പെട്ട മകൻെറ legal heir/representative ആണെന്ന് അവകാശപ്പെടുന്ന ഹർജിക്കാരി 2 വസ്തുക്കൾക്കും എതിർകക്ഷിയുടെ നിസ്സഹകരണം മൂലം ഊരൂട്ടമ്പലം വില്ലേജ് ഓഫീസർ പോക്കുവരവ് ചെയ്തു കൊടുക്കുന്നില്ലായെന്നു പരാതി പ്പെട്ടു. പോക്കുവരവിനായി ഹർജിക്കാരി റവന്യൂ അധികാരികൾ മുമ്പാകെ കൊടുത്ത അപേക്ഷ, ടിയാൾ മകൻ അനിൽകുമാറിൻെറ പേർക്ക് കൊടുത്തിരുന്ന വസ്തുവിൻെറ പ്രമാണം അസാധുവാക്കുന്നതിന് Maintenance and Welfare of Parents and Senior Citizens Act section 23 അപേക്ഷ കൊടുത്തതിൻെറ പേരിൽ പരിഗണിക്കാതിരിക്കരുതെന്നും ടിയാൾ ബോധിപ്പിച്ചു. ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ അപേക്ഷകളുടെ പകർപ്പ് ഹർജിക്കാരി തഹസീൽദാർക്ക് നൽകുക. ആവശ്യമെങ്കിൽ ഈ കാര്യങ്ങൾക്ക് തഹസീൽദാർ മുമ്പാകെ പുതിയ അപേക്ഷ കൊടുക്കണം. ടി വസ്തുക്കളുടെ പോക്കുവരവിനായി അപേക്ഷ ലഭിച്ചാൽ തഹസീൽദർ തൻെറ കീഴിലെ വില്ലേജ് ഓഫീസർ മുഖേന അന്വേഷണം തഹസീൽദാർ 2 മാസത്തിനുള്ളിൽ തീരുമാനം എടുക്കണം. മേൽപ്പറഞ്ഞ നിർദ്ദേശങ്ങളോടെ ഈ പരാതി കമ്മിഷൻ തീർപ്പാക്കുന്നു. ഹർജിക്കാരിക്കും നെടുമങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസർക്കും കാട്ടാക്കട തഹസീൽദാർക്കും ഊരൂട്ടമ്പലം വില്ലേജ് ഓഫീസർക്കും ഈ ഉത്തരവിൻെറ പകർപ്പ് അയക്കുക.

(ഒപ്പ്)
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

j. (ശരിപ്പകർപ്പ്) രജിസ്ട്രാർ